## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1486** 03.05.2017-ൽ മറുപടിയ്ക്ക്

**തിരുവനന്തപുരത്ത് ആരംഭിക്കുന്ന ലൈറ്റ് മെട്രോയുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ: | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരത്ത് ആരംഭിക്കുന്ന ലൈറ്റ് മെട്രോയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (എ) | ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായി ഡി.എം.ആർ.സി-യെ നിയമിച്ചിട്ടുണ്ട്. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് നിർമ്മിക്കാൻ ആവശ്യമായ 19.54.716 ഏക്കർ സർക്കാർ ഭൂമിയും, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/ യാർഡ് നിർമ്മിക്കാൻ ആവശ്യങ്ങൾക്കായി 8.2819 ഹെക്ടർ സർക്കാർ ഭൂമിയും, ജി.ഒ.(എം.എസ്) നം.196/2016/റവന്യൂ. തീയതി 1.03.2016 പ്രകാരം കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് നൽകി ഉത്തരവായിട്ടുണ്ട്.<br>08.09.2016-ലെ ജി.ഒ.(എം.എസ്) നം.67/2016/പൊ.മ.വ. പ്രകാരം ലൈറ്റ് മെട്രോ പദ്ധതിയുടെ സ്റ്റേഷനുകൾക്കു വേണ്ടി സ്വകാര്യ ഭൂമി ഏറ്റെടുക്കാൻ ഭരണാനുമതി നൽകി. തിരുവനന്തപുരത്ത് നിർദ്ദിഷ്ട ലൈറ്റ് മെട്രോ പാതയിൽ ഉൾപ്പെട്ട പട്ടം, ശ്രീകാര്യം, ഉള്ളൂർ എന്നീ പ്രധാന ജംഗ്ഷനുകളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി. |

| | | | |
|---|---|---|---|
| | | | തുടർന്ന് സ്ഥലമെടുപ്പിനുള്ള അപേക്ഷയും, വിശദാംശങ്ങളും തിരുവനന്തപുരം, കോഴിക്കോട് ജില്ലാ കളക്ടർമാർക്ക് കെ.ആർ.ടി.എൽ സമർപ്പിച്ചു. പ്രസ്തുത സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചി - ട്ടുണ്ട്. ഇതു കൂടാതെ, തിരുവനന്തപുരം ലൈറ്റ് മേട്രോയുടെ മറ്റൊരു പ്രധാന പ്രാരംഭപ്രവർത്തന- മായ കഴക്കൂട്ടം-കേശവദാസപുരം പാതവികസന- ത്തിനും16.01.2017-ലെ ജി.ഒ.(ആർ.റ്റി)79/2017/ പൊ.മ.വ.പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയോടനുബന്ധിച്ച് തമ്പാനൂരിൽ നിർമ്മിക്കാനുദ്ദേശി- ക്കുന്ന മേൽപ്പാലനിർമ്മാണത്തിനാ വശ്യമായ ഭൂമിയേറ്റെടുക്കൽ നടപടി വിശദമാക്കാമോ; | (ബി) | തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഭാഗമായി തമ്പാനൂരിൽ ഒരു മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള പഠനം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത മേൽപ്പാലത്തിന്റെ രൂപരേഖയും അന്തിമ റിപ്പോർട്ടും ഡി.എം.ആർ.സി തയ്യാറാക്കി വരുന്നു. ഇതിനോടനുബന്ധിച്ച് നാറ്റ്പാക്കിന്റെ സേവനം ഉപയോഗപ്പെടുത്തി ട്രാഫിക് പഠനവും നടത്തിയിരുന്നു. രൂപരേഖയും, റിപ്പോർട്ടും, ലഭ്യമാകുന്ന മുറയ്ക്ക് സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള തുടർ നടപടികൾ ആരംഭിക്കുന്നതാണ്. |
| (സി) | ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (സി) | 08.09.2016-ലെ ജി.ഒ.(എം.എസ്) നം.67/2016/പൊ.മ.വ. പ്രകാരം ലൈറ്റ് മെട്രോ പദ്ധതിയുടെ സ്റ്റേഷനുകൾക്കു വേണ്ടി സ്വകാര്യ ഭൂമി ഏറ്റെടുക്കാൻ ഭരണാനുമതി നൽകി. തിരുവനന്തപുരത്ത് നിർദ്ദിഷ്ട ലൈറ്റ് മെട്രോ പാതയിൽ ഉൾപ്പെട്ട പട്ടം, ശ്രീകാര്യം, ഉള്ളൂർ എന്നീ പ്രധാന ജംഗ്ഷനുകളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി. തുടർന്ന് സ്ഥലമെടുപ്പിനുള്ള അപേക്ഷയും, വിശദാംശങ്ങളും തിരുവനന്തപുരം, കോഴിക്കോട് ജില്ലാ കളക്ടർമാർക്ക് കെ.ആർ.ടി.എൽ സമർപ്പിച്ചു. |

| | | | |
|---|---|---|---|
| | | | പ്രസ്തുത സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചി - ട്ടുണ്ട്.ഇതു കൂടാതെ, തിരുവനന്തപുരം ലൈറ്റ് മേട്രോയുടെ മറ്റൊരു പ്രധാന പ്രാരംഭപ്രവർത്തന- മായ കഴക്കൂട്ടം- കേശവദാസപുരം പാതവികസന- ത്തിനും16.01.2017-ലെ ജി.ഒ.(ആർ.റ്റി)79/2017/ പൊ.മ.വ.പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ലൈറ്റ് മെട്രോ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായ ശേഷം ടെൻഡർ നടപടികളും, നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിക്കുന്നതാണ്. |
| (ഡി) | ഈ പദ്ധതി എപ്പോഴത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (ഡി) | തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി നിർമ്മാണ പ്രവർത്തനം ആരംഭിച്ച് 5 വർഷം കൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. എന്നാൽ പ്രവർത്തനം ആരംഭിക്കുന്നതിലേയ്ക്കായി കേന്ദ്രാനുമതി ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കി പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ